# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 1461 — 11/08/2017-ൽ മറുപടിയ്ക്ക്

## ലൈഫ് പദ്ധതി

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | (എ) | സ്വന്തമായി ഭൂമിയുള്ളവരും ഇല്ലാത്തവരുമായ എല്ലാ ഭവനരഹിതർക്കും മാന്യവും വാസയോഗ്യവുമായ ഭവനം സ്വന്തമായി നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് "ലൈഫ് - സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി". സാധാരണ പാർപ്പിട പദ്ധതികളുടെ എല്ലാ കുറവുകളും നികത്തി, സാധാരണ പാർപ്പിട പദ്ധതികൾ കണ്ടെത്താൻ വിട്ടുപോകുന്ന ഏറ്റവും സാധാരണക്കാരനും ഏറ്റവും അർഹനുമായ ഗുണഭോക്താവിനെ തെരഞ്ഞു കണ്ടെത്തി, ഭവനം എന്നതിനപ്പുറം ജീവിതോപാധിയ്ക്ക് കൂടി സൗകര്യം നല്കുകയും സാമ്പത്തിക സേവനങ്ങളും സാമൂഹിക ക്ഷേമ പദ്ധതികളുടെ പ്രയോജനവും ലഭ്യമാക്കുക എന്നതാണ് ലൈഫ് മിഷന്റെ ലക്ഷ്യം<br>സംസ്ഥാനത്തുള്ള ഭൂരഹിത-ഭവനരഹിതരെയും ഭൂമിയുള്ള ഭവനരഹിതരെയും കണ്ടെത്തുന്നതിന് സർവ്വേ നടത്തി കരട് ഉപഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് 2017 സെപ്റ്റംബർ 25-ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ഓരോ ജില്ലയിലും ഒന്ന് എന്ന കണക്കിൽ ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും വിവിധ സർക്കാർ പദ്ധതികളിൽ നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനുമാണ് ആദ്യഘട്ടത്തിൽ ഊന്നൽ നൽകിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ കണക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഇതര വകുപ്പുകളിൽ നിന്നും ശേഖരിച്ച് വരുന്നു. ആലപ്പുഴ ഒഴികെയുള്ള ജില്ലകളിൽ നിന്ന് ആദ്യഘട്ട ഭവനസമുച്ചയ നിർമ്മാണത്തിനുള്ള സ്ഥലം കണ്ടെത്തി കഴിഞ്ഞു. ആലപ്പുഴ ജില്ലയിലെ ടി നടപടി പുരോഗമിച്ചു |

| | | | |
|---|---|---|---|
| | | | വരുന്നു. ഭവനസമുച്ചയ നിർമ്മാണത്തിനുള്ള നടപടികൾ അന്തിമ ഉപഭോക്തൃലിസ്റ്റ് പ്രസിദ്ധീകരിച്ചതിനു ശേഷം തുടങ്ങുന്നതാണ്. |
| (ബി) | എറണാകുളം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി ഈ പദ്ധതിക്കായി ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഇതര വകുപ്പുകളുടെയും ഉടമസ്ഥതയിലുള്ള ഭൂമികളുടെ വിവരങ്ങൾ എല്ലാ ജില്ലാ കലക്ടർമാർ മുഖേനയും വകുപ്പ് മേധാവികൾ മുഖേനയും ശേഖരിച്ചു വരുന്നു. എറണാകുളം ജില്ലയിലെ കൂത്താട്ടുകുളം നഗരസഭയിൽ ഈ ആവശ്യത്തിനായി 183 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഇതിനായി തയ്യാറായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | ആദ്യഘട്ട ഭവനനിർമ്മാണത്തിനായി ചുവടെ ചേർത്തിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്.<br><br>തിരുവനന്തപുരം - തിരുവനന്തപുരം കോർപ്പറേഷൻ<br>കൊല്ലം - പുനലൂർ നഗരസഭ<br>പത്തനംതിട്ട - ഏഴംകുളം ഗ്രാമപഞ്ചായത്ത്<br>കോട്ടയം - വിജയപുരം ഗ്രാമപഞ്ചായത്ത്<br>ഇടുക്കി - അടിമാലി ഗ്രാമപഞ്ചായത്ത്<br>എറണാകുളം - കൂത്താട്ടുകുളം നഗരസഭ<br>പാലക്കാട് - ചിറ്റൂർ തത്തമംഗലം നഗരസഭ<br>മലപ്പുറം - എടപ്പാൾ ഗ്രാമപഞ്ചായത്ത്<br>കോഴിക്കോട് - പുതുപ്പാടി ഗ്രാമപഞ്ചായത്ത്<br>കണ്ണൂർ - കടമ്പൂർ ഗ്രാമപഞ്ചായത്ത്<br>കാസർഗോഡ് - ചെമ്മനാട് ഗ്രാമപഞ്ചായത്ത് |
| (ഇ) | അങ്കമാലി നിയോജക മണ്ഡലത്തിലെ അങ്കമാലി മുനിസിപ്പാലിറ്റി, അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് തുടങ്ങിയവയുടെ കൈവശമുള്ള ഭൂമിയിൽ പട്ടികജാതി കുടുംബങ്ങൾക്കായി വീട് നിർമ്മിക്കാനുള്ള നിർദ്ദേശത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ ? | (ഇ) | അത്തരത്തിലുള്ള ശുപാർശ നിലവിലില്ല. |

സെക്ഷൻ ഓഫീസർ